# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് മുപ്പത്താറ്

## ആൺകുട്ടിയും സ്ത്രീയുടെ സന്തതിയുടെ ശേഷിപ്പും

വെളിപ്പാട് 12-ലെ സ്ത്രീ ഒരു വ്യക്തിയായ സ്ത്രീ അല്ല, പിന്നെയോ ദൈവജനത്തിന്റെ ആകത്തുകയെ പ്രതീകവൽക്കരിക്കുന്ന ഒരു കൂട്ടായ, സാർവത്രിക സ്ത്രീയാണെന്നു നാം കണ്ടു. ഉല്പത്തി 3:15-ൽ സ്ത്രീ സ്ഥലപരവും വ്യക്തിഗതവും ആയിരുന്നു; സന്തതിയായ ക്രിസ്തുവും വ്യക്തിഗതമായിരുന്നു; സർപ്പം ഒരു ചെറിയ പാമ്പും ആയിരുന്നു. മൂന്നുപേരും—സ്ത്രീയും, സന്തതിയും, സർപ്പവും—വ്യക്തിഗതവും ഒരു ചെറിയ അളവിലും ആയിരുന്നു. എന്നാൽ വെളിപ്പാട് 12-ലെ സ്ത്രീ പന്ത്രണ്ട് നക്ഷത്രങ്ങളാൽ പ്രതിനിധീകരിക്കപ്പെടുന്ന ആദിമപിതാക്കന്മാരും, ചന്ദ്രനാൽ പ്രതിനിധീകരിക്കപ്പെടുന്ന യിസ്രായേലും, സൂര്യനാൽ പ്രതിനിധീകരിക്കപ്പെടുന്ന പുതിയനിയമ വിശ്വാസികളായ സഭയും ഉള്ളടങ്ങുന്ന സകല ദൈവജനത്തെയും പ്രതീകവൽക്കരിക്കുന്ന സാർവത്രികവും കൂട്ടായതും ആണ്. വെളിപ്പാട് 12-ലെ സർപ്പം ഒരു വ്യാളിയായിത്തീർന്നിരിക്കുന്നു. സർപ്പം ഭൂമിയിൽ ഇഴയുമ്പോൾ, വ്യാളി ആകാശത്തിലൂടെ പറക്കുന്നു. ഇപ്പോൾ സാത്താൻ ഭൂമിയിൽ നീങ്ങുക മാത്രമല്ല, ആകാശത്തിൽ അത്യന്തം സജീവവും ആണ്. ഈ അധ്യായത്തിലെ സന്തതി കേവലം വ്യക്തിയായ ക്രിസ്തുവല്ല, പിന്നെയോ തലയെന്ന നിലയിൽ ക്രിസ്തുവും ശരീരമെന്ന നിലയിൽ ജയാളികളായ എല്ലാ വിശ്വാസികളും അടങ്ങുന്ന ഒരു സംഘാത അസ്തിത്വം, സംഘാത ക്രിസ്തു ആണ്. ഇക്കാരണത്താൽ, ഉല്പത്തി 3:15-ൽ കാണുന്ന മൂന്നു കാര്യങ്ങളെ വെളിപ്പാട് 12-ൽ അതിയായി വികാസംപ്രാപിച്ച രൂപത്തിൽ കാണാം. ഈ ദൂതിൽ ആൺകുട്ടിയെയും സ്ത്രീയുടെ സന്തതിയുടെ ശേഷിപ്പിനെയുംകുറിച്ച് നാം നോക്കണം.

## I. ആൺകുട്ടി

### A. സ്ത്രീക്കുള്ളിലെ ബലമേറിയ ഭാഗം

സ്ത്രീ കുട്ടിയോടുകൂടെയാണെന്ന് വാക്യം 2-ഉം "ഒരു പുത്രനെ,

ഒരു ആൺകുട്ടിയെ പ്രസവിച്ചു" എന്ന് വാക്യം 5-ഉം പറയുന്നു. ഇവിടെ കാണുന്ന ആൺകുട്ടി ദൈവജനത്തിന്റെ ബലമേറിയ ഭാഗത്തെ സൂചിപ്പിക്കുന്നു. വാക്യം 2-ൽ ഈ കുട്ടി സ്ത്രീയുടെ ഉള്ളിലായിരുന്നുവെങ്കിലും, അവനെ ഒരു കുഞ്ഞ് എന്നല്ല, ഒരു ആൺകുട്ടി എന്നാണ് വചനം പറയുന്നത്. വചനത്തിന്റെ ഈ ഭാഗത്തെ വായിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നതിലൂടെ ഇവിടത്തെ ആൺകുട്ടി ഒരു കുഞ്ഞിനെയല്ല സൂചിപ്പിക്കുന്നതെന്ന് നാം മനസ്സിലാക്കുന്നു. മറിച്ച്, അത് സ്ത്രീയുടെ ഉള്ളിലെ ബലമേറിയ ഭാഗത്തെ സൂചിപ്പിക്കുന്നു. സ്ത്രീ ദൈവജനത്തിന്റെ ആകത്തുകയെ പ്രതിനിധീകരിക്കുന്നു. എന്നാൽ എല്ലാ തലമുറകളിലുമായി ദൈവജനത്തിനിടയിൽ ചില ബലവാന്മാർ ഉണ്ടായിരുന്നു. വേദപുസ്തകത്തിൽ ഇവരെ ദൈവത്തിനുവേണ്ടി യുദ്ധംചെയ്യുകയും ദൈവരാജ്യത്തെ ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടുവരുകയും ചെയ്യുന്ന ഒരു കൂട്ടായ ഗണമായി കരുതുന്നു.

ദൈവജനത്തിനിടയിലുള്ള എല്ലാവരും ബലവാന്മാരല്ലെന്ന് ചരിത്രം തെളിയിക്കുന്നു. ദൈവജനത്തിന്റെ ഒരു ന്യൂനപക്ഷം മാത്രമാണ് ബലവാന്മാർ. ആദിമപിതാക്കന്മാരുടെ കാലത്ത് ഇത് സത്യമായിരുന്നു. നോഹയുടെ കാലത്ത് നോഹയെ കൂടാതെ ദൈവത്തിനു വേണ്ടിയുള്ളവർ ഉണ്ടായിരുന്നുവെന്ന് നിങ്ങൾ വിശ്വസിക്കുന്നില്ലേ? ദൈവത്തിന് നൂറുകണക്കിന് ആളുകൾ ഉണ്ടായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ നോഹ ഒരു ബലവാൻ ആയിരുന്നു. യിസ്രായേലിന്റെ കാലത്ത് ദൈവത്തിനുള്ളവരായി ലക്ഷക്കണക്കിന് ആളുകൾ ഉണ്ടായിരുന്നുവെങ്കിലും, അവരിൽ കുറച്ചുപേർ മാത്രമേ ബലവാന്മാരായി ഉണ്ടായിരുന്നുള്ളൂ. ഉദാഹരണത്തിന്, ഏലീയാവും യിരെമ്യാവും ബലവാന്മാരായിരുന്നു. ദൈവജനത്തിൽ ഭൂരിപക്ഷവും നിർവ്യാജരായിരുന്നു എന്നതിന് സംശയമില്ല, എന്നാൽ അവർ ബലവാന്മാരായിരുന്നില്ല. പുതിയനിയമത്തിൽ നാം ഇതേ കാര്യം കാണുന്നു. ആദിമ നാളുകളിൽ ആയിരക്കണക്കിന് ക്രിസ്ത്യാനികൾ ഉണ്ടായിരുന്നെങ്കിലും, അനേകരും ബലവാന്മാരായിരുന്നില്ല. ഇപ്പോഴും ആയിരക്കണക്കിന്, ദശലക്ഷക്കണക്കിനുപോലും ക്രിസ്ത്യാനികൾ ഉണ്ടെങ്കിലും, അനേകരും ബലവാന്മാരല്ല. നിങ്ങൾ എല്ലാവരും ബലവാന്മാരായിരിക്കുവാൻ ഞാൻ പ്രോത്സാഹിപ്പിക്കുന്നു.

നാം സ്ത്രീയുടെ മാത്രം ഭാഗമായിരിക്കരുത്, ആൺകുട്ടിയുടെയും ഭാഗമായിരിക്കണം. വേദപുസ്തകത്തിൽ സ്ത്രീ ബലഹീനനെ സൂചിപ്പിക്കുകയും, പുരുഷൻ ബലവാനെ സൂചിപ്പിക്കുകയും ചെയ്യുന്നു (1 പത്രൊ. 3:7). ബലമേറിയ ഭാഗമായ ആൺകുട്ടി ബലഹീനഭാഗമായ സ്ത്രീയുടെ ഉള്ളിലാണ്. സ്ത്രീ ശോഭയുള്ളവളും സാർവത്രികയുമാണെങ്കിലും, അവൾ മൊത്തത്തിൽ

ബലമുള്ളവരല്ല. അവളുടെ ഉള്ളിലെ ഒരു ഭാഗം മാത്രമാണ് ബലമുള്ളത്. സ്ഥലംസഭകളിൽ, ഇവിടെ അനഹേമിലും അത് അങ്ങനെതന്നെയാണ്. അനഹേമിലുള്ള എല്ലാവരും ബലവാന്മാരല്ല. മറിച്ച്, അനഹേമിൽ ബലവാന്മാരെക്കാൾ കൂടുതൽ ബലഹീനരാണെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ സ്ഥലത്ത് എങ്ങനെയാണ്? എല്ലായിടത്തും ബലവാന്മാർ കുറവും ബലഹീനർ കൂടുതലും ആണ്.

'നമുക്ക് എണ്ണമില്ലെങ്കിൽ ഒരിക്കലും ഗുണമുണ്ടായിരിക്കുവാൻ കഴിയുകയില്ല' എന്നൊരു പഴഞ്ചൊല്ലുണ്ട്. ഗുണം എണ്ണത്തിൽനിന്നു വരുന്നു. ദൈവത്തിന് ഒരു ലക്ഷം ആളുകൾ ഉണ്ടെന്ന് വിചാരിക്കുക. ഈ എണ്ണത്തിന്റെ ഒരു ശതമാനം ബലവാന്മാരായിരുന്നാൽ ആയിരംപേർ ബലവാന്മാരായിരിക്കും. ഒന്നാമത് നമുക്ക് എണ്ണമുണ്ട്, പിന്നെ ഗുണമുണ്ട്. ദൈവത്തിന്റെ വഴി എപ്പോഴും ജ്ഞാനത്തോടുകൂടിയതാണ്. ഒന്നാമത്, അവൻ എണ്ണം നേടുന്നു. അവൻ അനേകരെ വിളിക്കുന്നു, എന്നാൽ കുറച്ചുപേരെ തിരഞ്ഞെടുക്കുന്നു. മത്തായി 22:14 പറയുന്നതുപോലെ, "വിളിക്കപ്പെട്ടവർ അനേകർ, തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം."

നാം എല്ലാവരും കർത്താവിന്റെ പ്രത്യുദ്ധാരത്തിലേക്ക് വന്നെങ്കിലും, പ്രത്യുദ്ധാരത്തിലുള്ള എല്ലാവരും ജയാളിയായിരിക്കുമെന്നു നാം പറയരുത്. ഇത് പറയുവാനുള്ള ഉറപ്പ് നമുക്കില്ല. പ്രത്യുദ്ധാരത്തിലുള്ളവർക്ക് ജയാളികളാകുവാനുള്ള സാധ്യത കൂടുതലാണെന്ന് പറയുവാൻ മാത്രമേ നമുക്ക് കഴിയൂ. നിങ്ങൾ ഒരു ജയാളിയാകുമോ ഇല്ലയോ എന്നത് നിങ്ങളെ ആശ്രയിച്ചിരിക്കുന്നു: അത് ദൈവത്തിന്റെ കൃപയിൽ നിങ്ങൾ എത്രത്തോളം പങ്കുള്ളവരായിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ദൈവത്തിന്റെ കൃപയിൽ നിങ്ങൾ എത്രത്തോളം പങ്കുകൊള്ളും എന്നത് കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ ദൈവജനത്തിനിടയിൽ നിങ്ങൾ ബലവാനായിരിക്കുമോ ഇല്ലയോ എന്നത് തീരുമാനിക്കും. നാം എല്ലാവരും സ്ത്രീയുടെ ഭാഗമാണ് എന്നതിനായി കർത്താവിന് സ്തോത്രംചെയ്യുന്നു, എന്നാൽ നാം എല്ലാവരും ആൺകുട്ടിയുടെ ഭാഗവും ആണെന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നില്ല. സ്ത്രീയിൽനിന്നും അവളുടെ ബലമേറിയ ഭാഗത്തിലേക്കു വളരത്തക്കവണ്ണം നാം സമ്പുഷ്ടരാക്കപ്പെടുവാനും, ബലപ്പെടുവാനും കൂടുതൽ ഉറപ്പുള്ളവരായിത്തീരുവാനും നാം കർത്താവിങ്കലേക്ക് നോക്കണം. എന്നാൽ നിങ്ങൾ എത്രത്തോളം ബലമുള്ളവനായി ത്തീർന്നാലും, പകമാകുംമുമ്പെ സ്ത്രീയിൽനിന്നും നിങ്ങളെത്തന്നെ വേർപെടുത്തരുത്. നിങ്ങൾ അങ്ങനെ ചെയ്യുമെങ്കിൽ, നിങ്ങൾക്ക് ഗർഭച്ഛിദ്രം ഉണ്ടാകും. "വളരെ ബലവാൻ" ആകാതിരിക്കുവാൻ ശ്രദ്ധിക്കുക. നിങ്ങൾ വളരെ ബലവാനാണെങ്കിൽ, നിങ്ങൾ വളരെ

വേഗം സ്ത്രീയിൽനിന്നു പുറത്തുവരും. പ്രസവസമയം വരുന്നതുവരെ ആൺകുട്ടിയുടെ ഭാഗമായി സ്ത്രീയിൽ തുടരുക.

ആൺകുട്ടിയാകുവാൻ നമുക്ക് എങ്ങനെ കഴിയും? നിങ്ങൾ ആൺകുട്ടിയുടെ ഭാഗമാകണമെങ്കിൽ, നിങ്ങൾ കൂടുതൽ ഭക്ഷിക്കുകയും, കൂടുതൽ വളരുകയും, ബലമേറിയവനായി ത്തീരുകയും വേണം. പ്രായോഗികമായ രീതിയിൽ പറഞ്ഞാൽ, നിങ്ങൾ കൂടുതൽ പ്രാർഥിക്കുകയും, കർത്താവുമായി കൂടുതൽ സമയം ചിലവഴിക്കുകയും, വചനം കൂടുതലായി ഭക്ഷിക്കുകയും, കർത്താവിനെ കൂടുതലായി അനുഭവമാക്കുകയും, ജീവനിൽ അധികമായി വളരുകയും, പ്രതിലോമ കാര്യങ്ങളോട് കൂടുതൽ ഇടപെടലുകൾ ഉണ്ടായിരിക്കുകയും വേണം. മറ്റുള്ളവർ പരദൂഷണത്തിൽ ഏർപ്പെട്ടാൽ നിങ്ങൾ പരദൂഷണത്തിൽ ഏർപ്പെടില്ല. മറ്റുള്ളവർ പ്രാർഥിച്ചില്ലെങ്കിൽ നിങ്ങൾ കൂടുതൽ പ്രാർഥിക്കും. നിങ്ങൾ സ്ത്രീയിൽനിന്നും വേർപിരിയരുതെങ്കിലും, നിങ്ങൾ മറ്റുള്ളവരിൽനിന്നും ഏറെക്കുറെ വ്യത്യാസമുള്ളവ നായിരിക്കണം. സ്ത്രീ വളരെ സാമാന്യയാണ്. ആൺകുട്ടിയുടെ ഭാഗമായവർ ഏറെക്കുറെ പ്രത്യേകതയുള്ളവരാണ്. കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള പ്രിയപ്പെട്ടവരിൽ അനേകരും അലക്ഷ്യമായവരാണ്. അവർക്ക് അല്പം വിശപ്പേയുള്ളൂ, അധികം ഭക്ഷിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. എന്നാൽ നിങ്ങൾ ആൺകുട്ടിയിലാ യിരിക്കണമെങ്കിൽ അലക്ഷ്യമായിരിക്കരുത്. നിങ്ങൾ പ്രത്യേകതയു ള്ളവരും, സുബോധമുള്ളവരും, ഗൗരവമുള്ളവരും ആയിരിക്കണം. നിങ്ങൾക്ക് നല്ല വിശപ്പുണ്ടായിരിക്കുകയും, കർത്താവുമായി വ്യക്തിപരമായ, നിമിഷംപ്രതിയുള്ള ഇടപെടൽ ഉണ്ടായിരിക്കുകയും വേണം. നിങ്ങൾ ഇങ്ങനെയുള്ളവരാണെങ്കിൽ, കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ ബലമേറിയ ഭാഗമായിരിക്കുവാൻ, സ്ത്രീക്കുള്ളിലെ ബലമേറിയ ഭാഗമായിരിക്കുവാൻ, സാധ്യമാണ്. നിങ്ങൾ ആൺകുട്ടിയിൽ ആയിരിക്കുമോ ഇല്ലയോ എന്നത് നിങ്ങൾ എങ്ങനെ ദൈവത്തിന്റെ ആഗ്രഹത്തോടും, ദൈവത്തിന്റെ നീക്കത്തോടും, ദൈവത്തിന്റെ നിത്യവ്യവസ്ഥയോടും പ്രതികരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. നിങ്ങളെ മുഴുവനായും സമ്പൂർണ്ണമായും ദൈവത്തിന്റെ വ്യവസ്ഥയ്ക്ക് നല്കാത്തിടത്തോളം ദിനരാത്രം നിങ്ങൾക്ക് മുന്നോട്ടുപോകുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങൾ ആൺകുട്ടിയുടെ ഭാഗമായിരിക്കുവാൻ സാധ്യതയുണ്ട്.

കർത്താവിന്റെ വ്യവസ്ഥ മാത്രമല്ല, ഇന്നത്തെ അവന്റെ പ്രത്യുദ്ധാരംപോലും, അലക്ഷ്യമായിരിക്കുന്നവരെയല്ല, ബലവാന്മാരെ ആശ്രയിച്ചിരിക്കുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ആയിരക്കണക്കിന് ആളുകൾ ഉണ്ടായിരിക്കാം, എന്നാൽ എല്ലാവരും ബലവാന്മാരല്ല. ബലവാന്മാർക്കുവേണ്ടി കർത്താവിനെ

സ്തുതിക്കാം. ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരം സമ്പൂർണ്ണമായും അവരെ ആശ്രയിച്ചിരിക്കുന്നു. ഐക്യനാടുകളിലുള്ള കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ എല്ലാവരും ബലവാന്മാരല്ല. "ഓ, ഞാൻ കർത്താവിന്റെ പ്രത്യുദ്ധാരത്തെ സ്നേഹിക്കുന്നു, എന്നാൽ എന്നെക്കൊണ്ട് അത് ചെയ്യുവാൻ കഴിയില്ല" എന്നു ചിലർ പറയുന്നു. അങ്ങനെയുള്ളവൻ ഗൗരവത്തോടായിരിക്കുകയും കർത്താവിന്റെ പ്രത്യുദ്ധാരത്തെ സ്നേഹിക്കുകയും ചെയ്യുന്നെങ്കിലും അവൻ സമ്പൂർണനല്ല. സത്യസന്ധരും വിശ്വസ്തരുമായവർക്കായി കർത്താവിന് സ്തോത്രം. "ഇതാണു ശരി! ഞാൻ സമ്പൂർണമായി ഇതിനു വേണ്ടിയായിരിക്കും. നിഷ്പക്ഷനായിരിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല" എന്നു പറഞ്ഞുകൊണ്ട് അവർ സമ്പൂർണരാണ്. ഒന്നുകിൽ നാം തണുപ്പന്മാരായിരിക്കണം അല്ലെങ്കിൽ തിളയ്ക്കുന്ന ചൂടുള്ളവരായിരിക്കണം, ശീതോഷ്ണവാനായിരിക്കരുത്. നാം ശീതോഷ്ണവാനാണെങ്കിൽ, നമ്മെ കർത്താവിന്റെ വായിൽനിന്നു ഉമിണ്ണുകളയുവാൻ മാത്രമേ കൊള്ളുകയുള്ളൂ (3:16).

ഒന്നാമതായി, കർത്താവിന്റെ പ്രത്യുദ്ധാരം സ്ത്രീയാൽ പ്രതിനിധീകരിക്കപ്പെടുന്ന അവന്റെ ജനത്തോടുകൂടെയാണ്. എന്നാൽ കർത്താവിന്റെ പ്രത്യുദ്ധാരം സ്ത്രീയാൽ മാത്രം നിർവഹിക്കപ്പെടുവാൻ കഴിയുകയില്ല. ബലവാന്മാരുടെ ആവശ്യമുണ്ട്. എപ്പോഴും തത്ത്വം ഇതാണ്. നാം സമ്പൂർണരും ബലവാന്മാരും ആയിരിക്കണം. ഈ മാർഗം നാം എടുക്കണമെങ്കിൽ, നാം അതു സമ്പൂർണമായി എടുക്കണം. എന്നാൽ നമുക്കത് എടുക്കണ്ട എങ്കിൽ, നാം അതിനെ മറന്നുകളയണം. നാം സ്ത്രീയുടെ ഭാഗം മാത്രമായിരിക്കാതെ, സ്ത്രീയുടെ ഉള്ളിലെ ആൺകുട്ടിയുടെ ഭാഗവും ആയിരിക്കണം. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ആയിരുന്നാൽ മാത്രം പോരാ. നാം കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ ബലമുള്ള ഭാഗത്തിലും ആയിരിക്കണം. എന്തെല്ലാം പരീക്ഷകളും ശോധനകളും വന്നാലും, അവയ്ക്കെതിരായി നാം നിൽക്കണം. സഹോദരൻ വാച്ച്മാൻ നീ നിങ്ങൾക്കെല്ലാവർക്കും സുപരിചിതനാണ്. അദ്ദേഹം ഇരുപത് വർഷത്തിലേറെ ജയിലിൽ അടയ്ക്കപ്പെട്ടിരുന്നു. ആ നീണ്ട ശോധനയിൽ അദ്ദേഹം പരാജയപ്പെടുവാൻ തക്കവണ്ണം ദിനമ്പ്രതി പരീക്ഷിക്കപ്പെട്ടു. എന്നാൽ യാതൊരു മാറ്റവുമില്ലാതെ ഇരുപത് വർഷത്തിലേറെ അദ്ദേഹം നിന്നതിനായി കർത്താവിന് സ്തോത്രം. അദ്ദേഹം സത്യമായും ബലവാന്മാരുടെ ഭാഗമായിരുന്നു. ഒഴികഴിവു പറഞ്ഞ് നിങ്ങൾ മാറിനിൽക്കരുത്. മറിച്ച്, നിങ്ങളോടുതന്നെ പറയുക, "പാവം സ്വയമേ, മാറിപ്പോകൂ. നിനക്കുവേണ്ടി എനിക്ക് യാതൊരു ഹൃദയവുമില്ല, ഞാൻ നിന്നെ ശ്രദ്ധിക്കുന്നേയില്ല. ഞാൻ കർത്താവിനു വേണ്ടിയും, അവന്റെ സാക്ഷ്യത്തിനും പ്രത്യുദ്ധാരത്തിനും വേണ്ടിയും കരുതുന്നു." നാം എല്ലാവരും സമ്പൂർണരും ബലവാന്മാരും ആയിരിക്കണം.

നിങ്ങൾ സമ്പൂർണനും ബലവാനും ആണെങ്കിൽ നിങ്ങളുടെ വിശപ്പ് വികസിക്കും. ഓരോ ആഴ്ചയും മിനിസ്ട്രി സ്റ്റേഷനിൽനിന്നും മൂന്നു ദൂതുകൾ നല്കുന്നത് ദഹിക്കുവാൻ വളരെയധികമാണെന്നു ചിലർ ചിന്തിക്കുന്നു. ഞാൻ ചെറുപ്പമായിരുന്നപ്പോൾ, എനിക്ക് ആഴ്ചയിൽ മുപ്പതു ദൂതുകൾ സ്വീകരിക്കുവാൻ കഴിയുമായിരുന്നു. ആഴ്ചയിൽ കേവലം മൂന്നു ദൂതുകൾ സ്വീകരിക്കുന്നത് എത്ര എളുപ്പമാണ്! നമുക്ക് ഒരു ദിവസം ആറു പേജുകൾ മാത്രം വായിക്കേണ്ട ആവശ്യമേയുള്ളൂ. എങ്കിലും, നിങ്ങൾക്ക് യാതൊരു വിശപ്പുമില്ലെങ്കിൽ, ഒരു ചെറിയ കഷ്ണം മിഠായി ഉള്ളിലേക്കെടുക്കുന്നതുപോലും നിങ്ങൾക്ക് അധികമായിരിക്കും. നാം എത്ര ഭക്ഷിക്കുന്നു എന്നത് നമ്മുടെ വിശപ്പിനെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾക്ക് വലിയ വിശപ്പുണ്ടോ? ഉണ്ടെങ്കിൽ, മുഴുവൻ വേദപുസ്തകത്തെയും വിഴുങ്ങുവാൻ നിങ്ങൾ ഇഷ്ടപ്പെടും. ആഴ്ചയിൽ മൂന്നു ദൂതുകൾ അത്ര കൂടുതലല്ല. ഒരു ദിവസം മൂന്നു ദൂതുകൾപോലും അധികമായിരിക്കില്ല. നിങ്ങളിൽ അനേകർക്കും നർമ്മസല്ലാപത്തിനു സമയമുണ്ട്, എന്നാൽ ജീവ-പഠന ദൂതുകളിലെ കുറച്ചു പേജുകൾ വായിക്കുവാൻ നിങ്ങൾക്ക് സമയമില്ല. നിങ്ങൾ ആൺകുട്ടിയിലാണോ? ആണെങ്കിൽ, നിങ്ങൾക്ക് വിശപ്പുണ്ടായിരിക്കും. ഒരു കുഞ്ഞിന് നല്ല വിശപ്പില്ലെങ്കിൽ അവൻ വളരുകയും ബലവാനായിരിക്കുകയും ചെയ്യില്ലെന്ന് അമ്മമാർക്കറിയാം. നിങ്ങൾ ഭക്ഷിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് വളരുവാൻ കഴിയില്ല, നിങ്ങൾ വളരുന്നില്ലെങ്കിൽ നിങ്ങൾക്ക് ബലവാനായിരിക്കുവാനും കഴിയില്ല. കർത്താവിന്റെ പ്രത്യുദ്ധാരം വിശപ്പുള്ളവരെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ ആൺകുട്ടിയുടെ ഭാഗമായിരിക്കുന്നുവോ ഇല്ലയോ എന്നത് നിങ്ങൾ എത്ര വിശപ്പും ദാഹവും ഉള്ളവരായിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ വാസ്തവമായും ദാഹമുള്ളവനാണെങ്കിൽ, നിങ്ങൾ നർമ്മസല്ലാപവും അർഥശൂന്യമായ സംസാരവും വെറുക്കും. "ഞാൻ ഇവിടെ ആയിരിക്കുന്നത് പരിശീലിപ്പിക്കപ്പെടുവാനും, ബലപ്പെടുത്തപ്പെടുവാനും, പോഷിപ്പിക്കപ്പെടുവാനും, പണിയപ്പെടുവാനും വേണ്ടിയാണ്. എനിക്ക് നർമ്മസല്ലാപത്തിനുള്ള ഹൃദയവും സമയവും ഇല്ല. എനിക്ക് വ്യർഥ സംഭാഷണത്തിനുള്ള വിശപ്പില്ല" എന്നു നിങ്ങൾ പറയും. നിങ്ങൾ ഇങ്ങനെയാണെങ്കിൽ, ആൺകുട്ടിയുടെ ഭാഗമായിരിക്കുവാനുള്ള സാധ്യത നിങ്ങൾക്കുണ്ടെന്നതിന്റെ തെളിവാണത്. നാം ഇവിടെ ആയിരിക്കുന്നത് കർത്താവിന്റെ പ്രത്യുദ്ധാരത്തിനു വേണ്ടിയല്ലാതെ, മറ്റൊന്നിനുമല്ല. **ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരമാണ് അവന്റെ വ്യവസ്ഥയുടെ പ്രായോഗികതയെന്ന് ഓർക്കുക. അവന്റെ വ്യവസ്ഥ ആൺകുട്ടിയാൽ മാത്രമേ നിർവഹിക്കപ്പെടുവാൻ കഴിയുകയുള്ളൂ.**

വെളിപ്പാട് 12 മനസ്സിലാക്കുവാൻ മിക്കവാറും ക്രിസ്ത്യാനികൾക്കു പ്രയാസമാണ്. സ്ത്രീ ആരാണെന്നും അവളുടെ സന്തതിയിൽ ശേഷിക്കുന്നവർ ആരാണെന്നും മനസ്സിലാക്കുവാൻ അനേകർക്കും കഴിയുന്നില്ല. ഇത് നിങ്ങളുടെ സ്വാഭാവിക ബുദ്ധിക്കനുസരിച്ച് മനസ്സിലാക്കുവാൻ നിങ്ങൾക്ക് കഴിയില്ല. സ്ത്രീ അവളുടെ എല്ലാ സന്തതിയും ചേരുന്നതാണ്. അവൾക്ക് ആയിരം കുഞ്ഞുങ്ങൾ ഉണ്ടെങ്കിൽ, ഈ ആയിരത്തെയും ഒന്നിച്ചുവച്ചാൽ, സ്ത്രീക്കു തുല്യമാകും. സ്ത്രീയെ അവളുടെ സകല കുഞ്ഞുങ്ങളിൽനിന്നും വേർപെടുത്തിക്കൊണ്ട് ചിന്തിക്കരുത്. അമ്മയായ സ്ത്രീ അവളുടെ കുഞ്ഞുങ്ങളും, കുഞ്ഞുങ്ങൾ സ്ത്രീയും ആണ്.

ഈ അധ്യായം ഭാവിക്കുവേണ്ടി മാത്രമല്ല, കാരണം ഇത് ആരംഭിച്ചത് ഉല്പത്തി 3:15-ലാണ്. ഹാബെൽ സ്ത്രീയുടെ സന്തതിയായിരുന്നു. സ്ത്രീയുടെ സന്തതിയെന്ന നിലയിൽ അവൻ സ്ത്രീയുടെ ഭാഗമായിരിക്കുകയും പാമ്പിന്റെ ഭാഗമായിരുന്ന അവന്റെ സഹോദരൻ കയീനിനാൽ ഉപദ്രവിക്കപ്പെടുകയും ചെയ്തു. ഉല്പത്തി 3-ൽ ഹവ്വയെ നശിപ്പിച്ച പാമ്പ് ഉല്പത്തി 4-ൽ കയീനിലേക്കു നുഴഞ്ഞുകയറുകയും അവനെ പാമ്പിന്റെ ഒരു ഭാഗമാക്കുകയും ചെയ്തു. കയീനല്ല തന്റെ സഹോദരനെ കൊന്നത്, യോഹന്നാൻ 8:44 അനുസരിച്ച് പാമ്പെന്ന സാത്താനായിരുന്നു ഹാബെലിനെ കൊന്നത്. ഉല്പത്തി 4-ൽ നമുക്ക് ഹാബെലിനാൽ പ്രതിനിധീകരിക്കപ്പെടുന്ന സ്ത്രീയും കയീനിനാൽ പ്രതിനിധീകരിക്കപ്പെടുന്ന പാമ്പും ഉണ്ട്. പഴയനിയമത്തിലൂടെ നാം തുടരുമ്പോൾ, ഏലീയാവും യിരെമ്യാവും സ്ത്രീയുടെ ഭാഗമായിരുന്നുവെന്നും അവരെ എതിർത്തിരുന്നവർ പാമ്പിന്റെ ഭാഗമായിരുന്നുവെന്നും നാം കാണുന്നു. കർത്താവായ യേശു തീർച്ചയായും സ്ത്രീയുടെ സന്തതിയായിരുന്നു. അവന്റെ മുമ്പിൽ പാമ്പിന്റെ സന്തതി, "സർപ്പസന്തതികളായ" പരീശന്മാർ, നിന്നു (മത്താ. 23:33). കർത്താവായ യേശുവിനെ എതിർത്തിരുന്ന എല്ലാവരും പാമ്പിന്റെ ഭാഗമായിരുന്നു. സഭയെ ഉപദ്രവിക്കുകയും അതിനെ ശൂന്യമാക്കുകയും ചെയ്തുകൊണ്ട് അപ്പൊസ്തലനായ പൗലൊസ് തർസീസിലെ ശൗലായിരുന്നപ്പോൾ, അവൻ പാമ്പിന്റെ ഭാഗമായിരുന്നു. എന്നാൽ കർത്താവ് അവനെ വിളിച്ചപ്പോൾ ശൗൽ സ്ത്രീയുടെ ഭാഗമായിത്തീർന്നു. സാത്താന്റെ സിനഗോഗുകളെല്ലാം (2:9) വ്യാളിയുടെ ഭാഗം ആയിരുന്നു. പുതിയനിയമത്തിന്റെ സമയത്ത് പാമ്പ് ഒരു മഹാവ്യാളിയായിത്തീർന്നിട്ടുണ്ടായിരുന്നു. എല്ലാ യെഹൂദ സിനഗോഗുകളും സ്ത്രീയെ ഉപദ്രവിക്കുന്നതിൽ പാമ്പുമായി ഒന്നായിത്തീർന്നിരുന്നു.

ഇപ്പോഴത്തെ സമയംവരെ നൂറ്റാണ്ടുകളിലുടനീളം ഇത് തുടർന്നുകൊണ്ടിരുന്നു. ഇന്ന്, ഒരർഥത്തിൽ, നാം സ്ത്രീയാണെങ്കിലും, മറ്റൊരർഥത്തിൽ, നമ്മിൽ ചിലർ ആൺകുട്ടിയാണ്. നമ്മുടെ

തൊട്ടുമുമ്പിൽ വ്യാളിയുണ്ട്. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോഴും എന്റെ മുമ്പിലുള്ള വ്യാളിയെ എനിക്കു കാണാം. അവനെ ഭയപ്പെടരുത്, കാരണം അവനെക്കാൾ ബലവാനായവൻ നമുക്കുണ്ട് (1 യോഹ. 4:4). വ്യാളി വെള്ളം ചാടിച്ചേക്കാം, എന്നാൽ അവയെ വിഴുങ്ങുവാൻ ദൈവം ഭൂമിയെ ഉപയോഗിക്കും (12:15-16). ആൺകുട്ടിയുടെ ഭാഗമായിരുന്ന ഒന്നാമൻ ഹാബെലായിരുന്നു. സകല രക്തസാക്ഷികളും ആൺകുട്ടിയുടെ ഭാഗമാണ്. നാം കാണുവാൻ പോകുന്നതുപോലെ, മരിച്ചുപോയ സകല വിശുദ്ധന്മാരും ആൺകുട്ടിയിൽ ഉൾപ്പെടുന്നു.

സ്ത്രീയുടെ ഗർഭകാലം ഒമ്പതു മാസമല്ല: അത് ഏകദേശം ആറായിരം വർഷമാണ്. അത് ഹാബെലിന്റെ മരണംമുതൽ മഹോപദ്രവത്തിന്റെ കാലത്ത് ഭൂമിയിൽ അവശേഷിക്കുന്ന വിശ്വാസികളെ ഉപദ്രവിക്കുവാൻ എതിർക്രിസ്തുവുമായി സാത്താൻ ഒന്നായിരിക്കുമ്പോഴുള്ള മഹോപദ്രവത്തിന്റെ സമയംവരെ നീളുന്നതായിരിക്കും. എതിർക്രിസ്തുവിന്റെ പ്രതിമയെ ആരാധിക്കുവാൻ നിരസിക്കുന്ന ക്രിസ്ത്യാനികളായിരിക്കും വെളിപ്പാട് 15-ൽ പറഞ്ഞിരിക്കുന്ന പിന്നീടുള്ള ജയാളികൾ. ഹാബെലിന്റെ സമയം മുതൽ വെളിപ്പാട് 15 വരെ ഏകദേശം ആറായിരം വർഷമായിരിക്കും. ഇതാണ് ആൺകുട്ടിയോടുകൂടെയുള്ള സ്ത്രീയുടെ ഗർഭകാലം.

ആൺകുട്ടിയെ പ്രസവിപ്പാറായ സ്ത്രീയുടെ മുമ്പിൽ വ്യാളിയായിത്തീർന്ന പാമ്പ് നിൽക്കുന്നു. ഈ കൗശലക്കാരൻ നൂറ്റാണ്ടുകളിലുടനീളം ദൈവജനത്തെ നശിപ്പിക്കുവാൻ നിരന്തരം പോരാടുകയായിരുന്നു. ഇതു സാധിപ്പിക്കുന്നതിന് അവൻ യെഹൂദമതവും കത്തോലിക്കാമതവും ഉൾപ്പെടെ എല്ലാ മുഖാന്തരങ്ങളെയും ഉപയോഗിച്ചിട്ടുണ്ട്. റോമാസാമ്രാജ്യം കൊന്നതിനെക്കാൾ കൂടുതൽ വിശുദ്ധന്മാരെ റോമൻ കത്തോലിക്കാസഭ കൊന്നിട്ടുണ്ടെന്ന് ഫോക്സേ തന്റെ രക്തസാക്ഷികളുടെ ചരിത്രത്തിൽ പറയുന്നു. നിങ്ങൾ സ്പെയിനിലേക്കു പോകുമെങ്കിൽ ഈ രാജ്യത്തിൽ സംസാരിക്കുവാനുള്ള സ്വാതന്ത്ര്യം നമുക്കുള്ളതുപോലെ അതേ സ്വാതന്ത്ര്യം അവിടെ നമുക്കുണ്ടായിരിക്കുകയില്ല. നിങ്ങൾ സംസാരിച്ചാൽ, നിങ്ങൾ മതപരമായ ആളുകളാൽ ഉപദ്രവിക്കപ്പെടാം. അവരുടെ മതത്തെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടിയാണ് അവർ നിങ്ങളെ ഉപദ്രവിക്കുന്നതെങ്കിലും, അവർ മഹാവ്യാളിയുടെ ഭാഗമാണെന്ന് അവർ തിരിച്ചറിയുന്നില്ല. ഇന്ന് ഉപദ്രവത്തിന്റെ ഈ ഉഗ്രപോരാട്ടം നടക്കുന്നു. എന്തുകൊണ്ടാണ് നമുക്കിത്രത്തോളം എതിർപ്പുള്ളതെന്നും എന്തുകൊണ്ട് നമുക്കൊരു സൽപ്പേര് ലഭിക്കുന്നില്ലെന്നും ചിലപ്പോൾ എന്നോട് ചോദിക്കാറുണ്ട്. നാം യേശുവിന്റെ സാക്ഷ്യത്തിനുവേണ്ടി

നിൽക്കുന്നിടത്തോളം എതിർപ്പുണ്ടായിരിക്കും. സാത്താൻ ഒരിക്കലും ഉറങ്ങുന്നില്ല. ദിനരാത്രം എതിർക്കുവാനും കർത്താവിന്റെ സാക്ഷ്യത്തെ നശിപ്പിക്കുവാനും അവൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അവന്റെ പ്രത്യുദ്ധാരം ഇവിടെ ഉള്ളതിനായി കർത്താവിനെ സ്തുതിക്കാം! യഥാർഥ സ്ത്രീ ഇവിടെ ഉണ്ട്, അവളുടെ ഉള്ളിൽ ആൺകുട്ടിയും ഉണ്ട്.

വെളിപ്പാട് 12 ഭാവിക്കുവേണ്ടി മാത്രമാണെന്നു ചിന്തിക്കരുത്. ഇല്ല, അത് ഉല്പത്തി 3:15-ൽ ആരംഭിക്കുകയും അപ്പോൾ മുതൽ തുടരുന്നുവരുകയും ചെയ്യുന്നു. ജഡികർ ആത്മികരെ ഉപദ്രവിക്കുന്നുവെന്ന് ഗലാത്യർ 4:29-ൽ പൗലൊസ് പറയുന്നു. ജഡികർ വ്യാളിയുമായും, ആത്മികർ ആൺകുട്ടിയോടുകൂടെയുള്ള സ്ത്രീയോടും ഒന്നാണ്. ഈ യുഗത്തിലും ഈ ഭൂമിയിലും സ്ത്രീ ഇവിടെ ഉണ്ട്. അവളുടെ ഉള്ളിൽ ആൺകുട്ടി എന്ന ബലമുള്ള ഭാഗമുണ്ട്. ഇക്കാരണത്താലാണ് നാം വളരെയധികം എതിർപ്പും പോരാട്ടവും അനുഭവിക്കുന്നത്. ഈ എതിർപ്പ് നാം സ്ത്രീയാണെന്നതിന് ഒരു അടയാളമാണ്, നാം സ്ത്രീക്കുള്ളിലെ ബലമുള്ള ആൺകുട്ടിയോടുകൂടെയുള്ള സ്ത്രീയല്ലായിരുന്നുവെങ്കിൽ എതിർപ്പ് ഉണ്ടാകുമായിരുന്നില്ല. ഈ എതിർപ്പിനായി കർത്താവിന് സ്തോത്രം! ഇത് നാം സ്ത്രീക്കുള്ളിലെ ആൺകുട്ടിയോടുകൂടെയുള്ള സ്ത്രീയാണെന്നതിന്റെ ഒരു സൂചനയാണ്.

Wed

## B. സകല തലമുറകളിലുമുള്ള ഉയിർത്തെഴുന്നേറ്റ ജയാളികൾ

ഉയിർത്തെഴുന്നേറ്റ ജയാളികൾ ചേരുന്നതാണ് ആൺകുട്ടി. ആൺകുട്ടി "സകല രാഷ്ട്രങ്ങളെയും ഇരുമ്പുകോൽകൊണ്ട് മേയ്യാനുള്ള"-താണെന്ന് (വാ. 5) സൂചിപ്പിക്കുന്നത്, ആൺകുട്ടിയിൽ 2:26-27-ൽ പറഞ്ഞിരിക്കുന്നതുപോലെ ജയാളികൾ അടങ്ങിയിരിക്കുന്നു എന്നാണ്. ഈ ജയാളികൾ നേരത്തെ മരിച്ചുപോയവരാണ്.

### *1. "പ്രസവിച്ചു"*

സ്ത്രീ ആൺകുട്ടിയെ "പ്രസവിച്ചു" എന്ന് വാക്യം 5 പറയുന്നു. "പ്രസവിച്ചു" എന്നത് പ്രവൃത്തികൾ 13:33-34-ലെന്നപോലെ ഇവിടെ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു. മരിച്ചുയിർത്തെഴുന്നേറ്റ ജയാളികളായ വിശുദ്ധന്മാർ കൂടിച്ചേർന്നതാണ് ആൺകുട്ടി. ഇത് വാക്യം 11-ലെ *മരണത്തോളം* എന്ന പദത്താൽ തെളിയിക്കപ്പെടുന്നു. കർത്താവായ യേശു ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിരിക്കുവാൻ പുനരുത്ഥാനത്തിൽ പുറപ്പെടുവിക്കപ്പെട്ടു. അവന് അതൊരു ജനനമായിരുന്നു. അവൻ ഉയിർത്തെഴുന്നേറ്റപ്പോൾ ദൈവത്തിന്റെ ആദ്യജാതനായി ജനിപ്പിക്കപ്പെട്ടുവെന്ന് സങ്കീർത്തനം 2:7-ന്റെ ഒരു ഉദ്ധരണിയായ പ്രവൃത്തികൾ 13:33-ഉം

34-ഉം വെളിപ്പെടുത്തുന്നു. അതിനുമുമ്പ്, അവൻ ദിവ്യത്വത്തോടു കൂടെയുള്ള ദൈവത്തിന്റെ ഏകജാതനായിരുന്നെങ്കിലും, അവന്റെ പുനരുത്ഥാനത്തിലൂടെ അവൻ ദിവ്യത്വത്തോടും മനുഷ്യത്വത്തോടുംകൂടെയുള്ള ദൈവത്തിന്റെ ആദ്യജാതനായി ജനിപ്പിക്കപ്പെട്ടു. മരിച്ചുപോകുന്ന എല്ലാ ജയാളികളും ആൺകുട്ടിയുടെ ഭാഗമായിരിക്കും. പുനരുത്ഥാനത്താൽ ആൺകുട്ടി പൂർണമായി നിലവിൽവരും. ഹാബെലും, അപ്പൊസ്തലന്മാരും, നിരവധി രക്തസാക്ഷികളും മരച്ചുപോയ ജയാളികളും പുനരുത്ഥാന സമയത്തിനായി കാത്തിരിക്കുന്നു. മരിച്ചുപോയ ജയാളികളായ സകല വിശുദ്ധന്മാരുടെയും പുനരുത്ഥാനം ആൺകുട്ടിയുടെ പ്രസവമായിരിക്കും. തന്മൂലം, ഈ പുനരുത്ഥാനത്തിന്റെ സമയത്തിനുമുമ്പ് മരിക്കുന്ന ജയാളികളായ സകല വിശുദ്ധന്മാരും കൂടിച്ചേരുന്നതാണ് ആൺകുട്ടി. ഇന്നു നിങ്ങൾ ഒരു ജയാളിയായി കർത്താവു മടങ്ങിവരുന്നതുവരെ ജീവിക്കുന്നുവെങ്കിൽ, നിങ്ങൾ ആൺകുട്ടിയുടെ ഭാഗമായിരിക്കുകയില്ല. പകരം, നിങ്ങൾ പതിന്നാലാം അധ്യായത്തിൽ പറഞ്ഞിരിക്കുന്ന ആദ്യഫലത്തിൽ ഉൾപ്പെടും. എന്നാൽ നിങ്ങൾ ഒരു ജയാളിയായിരിക്കുകയും കർത്താവു മടങ്ങിവരുന്നതിനുമുമ്പു മരിക്കുകയും ചെയ്താൽ ആൺകുട്ടിയുടെ ഭാഗമയിരിക്കുവാൻ നിങ്ങൾ ഉയിർപ്പിക്കപ്പെടും. അതുകൊണ്ട്, ആൺകുട്ടി കർത്താവു മടങ്ങിവരുന്നതുവരെ ജീവിക്കുന്ന ജയാളികളെ പ്രതിനിധാനം ചെയ്യുന്നില്ല, പിന്നെയോ കർത്താവു മടങ്ങിവരുന്നതിനു തൊട്ടുമുമ്പ് ഉയിർപ്പിക്കപ്പെടുന്ന മരിച്ചുപോയ സകല ജയാളികളെയും പ്രതിനിധാനം ചെയ്യുന്നു. ഈ പുനരുത്ഥാനമായിരിക്കും ആൺകുട്ടിയായുള്ള അവരുടെ പ്രസവം.

## *2. "സഹോദരന്മാർ" ചേരുന്നത്*

വാക്യം 5-ൽ പുറപ്പെടുവിക്കപ്പെട്ട ആൺകുട്ടി വാക്യം 10-ൽ ദൈവത്തിന്റെ ശത്രുവായ സാത്താനാൽ എതിർക്കപ്പെടുകയും കുറ്റംചുമത്തപ്പെടുകയും ചെയ്ത "സഹോദരന്മാർ" ചേരുന്നതാണ്. അവർ കുഞ്ഞാടിന്റെ രക്തത്താലും അവരുടെ സാക്ഷ്യവചനത്താലും, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിക്കാതിരുന്നതിനാലും അവനെ ജയിച്ചു (വാ. 11).

## *3. മരണത്തോളം*

"മരണത്തോളം" (വാ. 11) എന്നത് തീർച്ചയായും രക്തസാക്ഷിത്വത്തെ സൂചിപ്പിക്കുന്നു. ആൺകുട്ടിയിൽ അടങ്ങിയിരിക്കുന്ന നിരവധി സഹോദരന്മാർ കർത്താവിന്റെ സാക്ഷ്യത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചവരാണ്. സ്ത്രീ പ്രസവിച്ച ആൺകുട്ടി ഉയിർപ്പിക്കപ്പെട്ട മരിച്ചുപോയ ജയാളികളായ വിശുദ്ധന്മാരായിരിക്കുമെന്ന് ഇതു തെളിയിക്കുന്നു.

## 4. സാത്താൻ എന്ന പിശാചിനെ ജയിക്കുന്നു

വ്യാളിയും സ്ത്രീയും തമ്മിൽ ഉഗ്രയുദ്ധം നടക്കുന്നുവെന്ന് നാം കണ്ടു. എന്നാൽ സ്ത്രീ യുദ്ധം ചെയ്യുന്നില്ല. ആൺകുട്ടിയാണ് യുദ്ധം ചെയ്യുന്നത്. ഇന്ന്, വ്യാളിയും കർത്താവിന്റെ പ്രത്യുദ്ധാരവും തമ്മിലാണ് യുദ്ധം. എന്നാൽ യുദ്ധം ചെയ്യുന്നത് ബലവാന്മാരായ ആൺകുട്ടിയാണ്. ആൺകുട്ടിയിൽ അടങ്ങിയിരിക്കുന്ന സഹോദരന്മാർ സാത്താനോട് യുദ്ധം ചെയ്യുകയും അവസാനം അവനെ ജയിക്കുകയും ചെയ്യുന്നു. മൂന്നു കാര്യങ്ങളാൽ അവർ സാത്താനെ ജയിക്കുന്നു: കുഞ്ഞാടിന്റെ രക്തത്താലും, അവരുടെ സാക്ഷ്യവചനത്താലും, തങ്ങളുടെ ദേഹിജീവനെ മരണത്തോളം സ്നേഹിക്കാത്തതിനാലും.

### a. കുഞ്ഞാടിന്റെ രക്തത്താൽ

നമ്മുടെ വീണ്ടെടുപ്പിനുവേണ്ടിയുള്ള കുഞ്ഞാടിന്റെ രക്തം നമുക്കെതിരെ പിശാചു ചുമത്തുന്ന എല്ലാ കുറ്റാരോപണങ്ങൾക്കും ദൈവമുമ്പാകെ മറുപടി നല്കുകയും അവന്റെമേൽ നമുക്ക് ജയം നല്കുകയും ചെയ്യുന്നു. പിശാചിന്റെ കുറ്റാരോപണം നാം അനുഭവിക്കുമ്പോഴെല്ലാം ഈ രക്തത്തെ നാം പ്രയോഗിക്കേണ്ടത് ആവശ്യമാണ്. നിങ്ങൾ സാത്താനെതിരെ യുദ്ധംചെയ്യുന്നുവെങ്കിൽ, അപവാദി നിരന്തരമായി നിങ്ങളെ കുറ്റംവിധിക്കും. നാം അലക്ഷ്യമായിരുന്നപ്പോൾ യാതൊരു കുറ്റാരോപണങ്ങളും ഇല്ലായിരുന്നുവെന്ന് നമ്മിൽ അനേകർക്കും സാക്ഷിക്കുവാൻ കഴിയും. എന്നാൽ നാം ഉണരുകയും സാത്താനെതിരായി യുദ്ധംചെയ്യുവാൻ ആരംഭിക്കുകയും ചെയ്തപ്പോൾ, ഉടൻ കുറ്റാരോപണങ്ങളും വന്നു. സാത്താൻ പറഞ്ഞു, "നിന്നെത്തന്നെ നോക്കുക—നീ വളരെ നല്ലവനല്ല. നിന്റെ ഭാര്യയോടോ നിന്റെ സഹോദരന്മാരോടോ നീ നേരായവനല്ല." ഈ ആരോപണങ്ങളിൽ ചിലത് കൃത്യമായതും, മറ്റുള്ളവ അപവാദി മെനഞ്ഞുണ്ടാക്കിയ വ്യാജങ്ങളും ആണ്. ദിനമ്പ്രതി നമുക്ക്, നമ്മെ കഴുകുവാൻ മാത്രമല്ല, നമ്മെ ആവരണം ചെയ്യുവാനും, രക്തം ആവശ്യമാണ്. നമുക്ക് വീണ്ടെടുക്കുന്ന രക്തം മാത്രമല്ല, പ്രബലപ്പെടുന്നതും ജയിക്കുന്നതുമായ രക്തവും ഉണ്ട്. നിങ്ങൾ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങൾ അതു ശരിയാക്കേണ്ടത് ആവശ്യമാണ്, എന്നാൽ ശത്രുവിന്റെ കുറ്റാരോപണങ്ങൾ ഏറ്റെടുക്കരുത്. നിങ്ങൾ ഉണരുകയും സ്ത്രീയുടെ ബലമേറിയ ഭാഗമെന്ന നിലയിൽ വ്യാളിക്കെതിരായുള്ള നിങ്ങളുടെ നിലപാട് എടുക്കുകയും ചെയ്യുമ്പോഴെല്ലാം, ഉടൻതന്നെ വ്യാളി നിങ്ങളുടെ മനഃസ്സാക്ഷിയിൽ നിങ്ങളെ കുറ്റംവിധിക്കും. ആ ആരോപണങ്ങൾക്ക് ചെവികൊടുക്കരുത്. മറിച്ച്, നിങ്ങൾ പറയണം, "കർത്താവേ, എന്റെ മനഃസ്സാക്ഷിയെയും, ചിന്തകളെയും, ബോധ്യപ്പെടലുകളെയും നിന്റെ

പ്രബലമായ രക്തംകൊണ്ട് മൂടണമേ. നിന്റെ രക്തം ശത്രുവിനെ പരാജയപ്പെടുത്തുന്നു." ആവരണംചെയ്യുന്ന രക്തത്തിൻകീഴിൽ നിങ്ങളുടെ മനഃസ്സാക്ഷിയെ ബലപ്പെടുത്തേണ്ടത് ആവശ്യമാണ്. സഹോദരന്മാർ കുഞ്ഞാടിന്റെ രക്തത്താൽ അപവാദിയെ ജയിച്ചു.

നമ്മുടെ അനുഭവമനുസരിച്ച് അവന്റെ ഉദ്ദേശ്യത്തിനുവേണ്ടി നാം കർത്താവിലേക്കു തിരിഞ്ഞപ്പോൾ തൽക്ഷണം ആരോപണങ്ങൾ വന്നു. എന്നാൽ ശത്രുവിൽനിന്നാണ് ആരോപണങ്ങൾ വന്നതെന്ന് നാം അറിഞ്ഞില്ല. അതു നമ്മുടെ മനഃസ്സാക്ഷി പ്രകാശിപ്പിക്കപ്പെടുന്നതിന്റെ പ്രവർത്തനമായിരുന്നുവെന്നു നാം ചിന്തിച്ചു. പാമ്പായ സാത്താൻ കൗശലക്കാരനാണ്. അവനല്ലാത്ത ഒന്നായി നടിച്ചുകൊണ്ട്, കൗശലമായ രീതിയിലാണ് അവൻ എപ്പോഴും കാര്യങ്ങൾ ചെയ്യുന്നത്. സാത്താൻ പലപ്പോഴും നാമായിരിക്കുവാൻ നടിക്കുന്നു. നാം ദൈവത്തിന്റെ ഉദ്ദേശ്യത്തോട് അലക്ഷ്യമായിരുന്നപ്പോൾ, ഇതുമായി നമുക്ക് യാതൊരു ക്ലേശവും ഉണ്ടായിരുന്നില്ല. എന്നാൽ ദൈവത്തിന്റെ ഉദ്ദേശ്യത്തിനുവേണ്ടി നാം കർത്താവിലേക്കു തിരിഞ്ഞശേഷം, നാം തെറ്റുകാരായിരുന്ന കാര്യങ്ങളെക്കുറിച്ചു നമ്മോടു പറയുന്നതിന് നമ്മുടെ മനഃസ്സാക്ഷി നിരന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്നു തോന്നുന്നു. അത് നിങ്ങളായിരുന്നില്ല—അത് സാത്താനായിരുന്നു. അത് സാത്താനായിരുന്നുവെന്ന് നമുക്കെങ്ങനെ തെളിയിക്കുവാൻ കഴിയും? നിങ്ങളുടെ മനഃസ്സാക്ഷി വാസ്തവമായും ദൈവത്തിന്റെ വെളിച്ചത്തിൻകീഴിൽ പ്രവർത്തിക്കുകയാണെങ്കിൽ, ഒരിക്കൽ നിങ്ങൾ ഏറ്റുപറയുകയും രക്തത്തെ പ്രയോഗിക്കുകയും ചെയ്താൽ ആ ശിക്ഷാവിധി അവസാനിക്കുകയും നിങ്ങൾക്ക് യഥാർഥ സമാധാനം ഉണ്ടായിരിക്കുകയും ചെയ്യും. ഇതാണ് നിങ്ങളുടെ അനുഭവമെങ്കിൽ, ശിക്ഷാവിധി നിങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുന്ന നിങ്ങളുടെ പ്രകാശിപ്പിക്കപ്പെട്ട മനഃസ്സാക്ഷിയിൽനിന്നാണ്. എന്നാൽ നാം ഏറ്റുപറയുകയും രക്തം പ്രയോഗിക്കുകയും ചെയ്തതിനുശേഷവും ശിക്ഷാവിധിയെന്നു വിളിക്കപ്പെടുന്നത് നീണ്ടുനിന്നിരുന്നുവെന്ന് നമ്മിൽ അനേകർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഇത് നമ്മുടെ മനഃസ്സാക്ഷിയുടെ ശിക്ഷാവിധിയല്ല, പിന്നെയോ പിശാചിന്റെ കുറ്റാരോപണമാണ്. ശിക്ഷാവിധി ദൈവത്തിൽനിന്നു വരുന്നു, എന്നാൽ കുറ്റാരോപണം അപവാദിയിൽനിന്നാണ്. നാം ഏറ്റുപറയുകയും രക്തം പ്രയോഗിക്കുകയും ചെയ്തശേഷം അവസാനിക്കാത്ത പുറമെയുള്ള ഏതൊരു ശിക്ഷാവിധിയും പിശാചിൽനിന്നായിരിക്കണം. ഇത് നാം ഒരിക്കൽ മനസ്സിലാക്കിയാൽ നാം സാത്താനോടു പറയണം. "നിർത്തൂ! ഞാൻ ഇനിയും ഏറ്റുപറയുകയില്ല. ഇത് ഞാനല്ല, ഇതു നീയാണ്. പിശാചേ, ഇത് ദൈവം പ്രകാശിപ്പിക്കുന്നതല്ല—ഇതു നിന്റെ കുറ്റാരോപണമാണ്. ഞാൻ തികഞ്ഞവനല്ലെങ്കിലും,

ഞാൻ കുഞ്ഞാടിന്റെ രക്തത്തിൻകീഴിലാണെന്നും രക്തം എന്റെ തികവാണെന്നും നീ മനസ്സിലാക്കണം. ഞാൻ രക്തത്തിൻകീഴിലാണെന്ന് നീ തിരിച്ചറിയുന്നില്ലേ? എന്റെ തികവുകൾ നിമിത്തമല്ല, എന്റെ വീണ്ടെടുപ്പുകാരന്റെ രക്തത്താൽ, നിന്നെ ജയിക്കുന്ന സഹോദരന്മാരിൽ ഒരുവനാണു ഞാൻ."

രക്തം എത്രമാത്രം അർഥമുൾക്കൊള്ളുന്നുവെന്ന് നാമാരും അറിയുന്നില്ല. ദൈവത്തിനു മാത്രമേ ഇതറിയാവൂ. രക്തം എന്തുമാത്രം അർഥമുൾക്കൊള്ളുന്നുവെന്ന് നാം അറിയുന്നതിനെക്കാൾ കൂടുതൽ പിശാചും അറിയുന്നു. ഞങ്ങളുടെ ശുശ്രൂഷയുടെ ആദ്യകാലങ്ങളിൽ ഭൂതങ്ങളെ പുറത്താക്കുന്നതിലുള്ള അനുഭവം ഞങ്ങൾക്ക് ഉണ്ടായിരുന്നു. ആ സമയത്ത്, ഞങ്ങൾ ചൈനയിൽ വളരെയധികം സുവിശേഷം പ്രസംഗിക്കുകയും, പലപ്പോഴും ഭൂതബാധകളെ ജയിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. നിരവധി സമയങ്ങളിലും ഭൂതത്തെ പുറത്താക്കുവാൻ ഞങ്ങൾ പ്രാർഥിക്കുമ്പോൾ, ഞങ്ങൾക്കെതിരെ രൂക്ഷമായ കുറ്റാരോപണങ്ങൾ വന്നിട്ടുണ്ട്. പിശാചു പറഞ്ഞു, "എന്നെ പുറത്താക്കുവാൻ നീ പ്രാർഥിക്കുമോ? കഴിഞ്ഞ രാത്രിയിൽ നിന്റെ ഭാര്യയോടുള്ള നിന്റെ സംയമനം നഷ്ടമായി എന്ന് നീ ഓർക്കുന്നില്ലയോ? ഇപ്പോൾ നിനക്കെന്നെ പുറത്താക്കണമോ?" പൊടുന്നനെ ഞങ്ങളുടെ പ്രാർഥിക്കുന്ന മനഃസാക്ഷി ബലഹീനമാകുകയും ഞങ്ങളുടെ പ്രാർഥിക്കുന്ന വായ് അടയുകയും ചെയ്തു. പ്രാർഥിക്കുന്നതിനു പകരം, ഞങ്ങൾ ഇങ്ങനെ പ്രസ്താവിച്ചു, "അതെ, കഴിഞ്ഞ രാത്രിയിൽ എന്റെ ഭാര്യയോടുള്ള എന്റെ സംയമനം നഷ്ടമായി. എന്നാൽ ഭൂതമേ, ഞാനിപ്പോൾ രക്തത്തിൻകീഴിലാണെന്ന് നീ അറിയുന്നില്ലേ?" നിങ്ങൾ രക്തത്തെ പരാമർശിക്കുമ്പോൾ ഭൂതങ്ങൾ പരാജയപ്പെടും. രക്തത്തിന്റെ ശക്തിയെക്കുറിച്ച് നാം അറിയുന്നതിനെക്കാൾ കൂടുതൽ ഭൂതങ്ങൾക്ക് അറിയാം, അനേകം തവണ, ഭൂതബാധിതരായ സ്ത്രീകൾ കത്രിക എടുക്കുകയും, ഞങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ, അതുപയോഗിച്ച് ഞങ്ങളെ മുറിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. "ഞങ്ങൾ രക്തത്തിൻകീഴിലാണ്. ഭൂതങ്ങളേ, നിങ്ങളുടെ രാജാവും നേതാവുമായ പിശാചെന്ന സാത്താൻ ക്രൂശിക്കപ്പെട്ടുവെന്നും നിങ്ങളും അവനും ന്യായംവിധിക്കപ്പെട്ടുവെന്നും നിങ്ങൾ മനസ്സിലാക്കുന്നില്ലേ?" എന്ന് ഞങ്ങൾ അപ്പോൾ പ്രഖ്യാപിച്ചു. നിങ്ങൾ ഇതു പറയുമ്പോഴൊക്കെയും ഭൂതബാധിതനായ വ്യക്തി ശാന്തനാകും. അനുഭവത്തിലൂടെ കുഞ്ഞാടിന്റെ രക്തത്തിന്റെ ശക്തിയെയും അധികാരത്തെയും കാണുവാൻ ഞങ്ങൾക്ക് ഇടവന്നു. നാം തികഞ്ഞവരല്ലെങ്കിലും നാം തികവുള്ള രക്തത്തിൻ കീഴിലാണെന്ന് പിശാചിനോടു പറഞ്ഞുകൊണ്ട് നാം എപ്പോഴും

രക്തത്തെ പ്രയോഗിക്കണം. നിങ്ങളുടെ തികവല്ല ഭൂതങ്ങളെ നിശബ്ദരാക്കുന്നത്—രക്തമാണ്. നമ്മിലാർക്കും പൂർണ തികവില്ല. മറിച്ച്, നമ്മുടെ തികവ് തുള വീണതാണ്. നിങ്ങളുടെ തികവിൽ ആശ്രയിക്കരുത്, നിങ്ങളുടെ തികവിനാൽ യുദ്ധം ചെയ്യുകയുമരുത്. ഇപ്പോൾ ഞാൻ ശുശ്രൂഷിക്കുമ്പോൾപോലും എന്റെ തികവിനാലല്ല ശുശ്രൂഷിക്കുന്നത്. ഞാൻ ഇവിടെ വന്നിരിക്കുന്നത് രക്തത്താൽ ശുശ്രൂഷിക്കുവാനാണ്. ഹല്ലേലൂയ്യാ, രക്തം ഇവിടെ ഉണ്ട്! നാം എല്ലാവരും രക്തത്തെ കാണുകയും നാം അതിന്റെ മറവിൻകീഴിലാണെന്നു പ്രഖ്യാപിക്കുകയും വേണം. ഈ രക്തം പ്രബലമായ രക്തവും, അത് സംസാരിക്കുന്നതും വളരെയധികം അർഥമുൾക്കൊള്ളുന്നതും ആണ്. ദൈവവും, ഒരളവോളം പിശാചും രക്തം എത്രമാത്രം അർഥമുൾക്കൊള്ളുന്നുവെന്ന് അറിയുന്നു. രക്തം അർഥമാക്കുന്നതെല്ലാം നാം അറിയുന്നെങ്കിലും ഇല്ലെങ്കിലും നാം അതിനെ പ്രയോഗിക്കുന്നിടത്തോളം അത് അർഥമാക്കുന്നതെല്ലാം നമുക്കുണ്ടായിരിക്കും.

### *b. അവരുടെ സാക്ഷ്യവചനത്താൽ*

അവർ "തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും" ശത്രുവിനെ ജയിച്ചു. ഇത് പിശാച് കർത്താവിനാൽ ന്യായംവിധിക്കപ്പെട്ടു എന്നു സാക്ഷ്യപ്പെടുത്തുന്ന അവരുടെ വചനമാണ്. നാം പിശാചിന്റെ കുറ്റാരോപണം അനുഭവിക്കുമ്പോഴെല്ലാം അവനുമായി കർത്താവ് എങ്ങനെ ഇടപെട്ടുകഴിഞ്ഞുവെന്ന് നാം വാക്കാൽ സാക്ഷ്യപ്പെടുത്തണം. ഉച്ചരിക്കുന്ന വാക്കുകളാൽ അവന്റെമേലുള്ള കർത്താവിന്റെ വിജയത്തെ നാം പ്രഖ്യാപിക്കണം. നാം മനുഷ്യരോടു മാത്രമല്ല, "ഭൂതങ്ങളേ, നിങ്ങളുടെ രാജാവായ സാത്താൻ എന്റെ കർത്താവായ യേശു ക്രിസ്തുവിനാൽ തോല്പിക്കപ്പെട്ടുവെന്ന് നിന്നെ ഓർമ്മിപ്പിക്കുന്നു. എന്നെ ശല്യപ്പെടുത്തിക്കൊണ്ട് നീ ഇവിടെ ആയിരിക്കരുത്" എന്നു പറഞ്ഞുകൊണ്ട് ഭൂതങ്ങളോടും സാക്ഷ്യപ്പെടുത്തണം. ഭൂതങ്ങളോടു സാക്ഷ്യപ്പെടുത്തുന്നതിനോടൊപ്പം "സാത്താനേ, നീ ക്രൂശിക്കപ്പെട്ടുകഴിഞ്ഞുവെന്ന് നിനക്കറിയില്ലേ? നീ ന്യായംവിധിക്കപ്പെട്ടുകഴിഞ്ഞു, നിന്റെ ദൈവകല്പിതം തീപ്പൊയ്കയാണ്" എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ സാത്താനോടു പ്രസംഗിക്കുകയും വേണം. ഇതാണ് നിങ്ങളുടെ വാക്കാലുള്ള സാക്ഷ്യം. ഈ ചിന്തകളെ കേവലം നിങ്ങളുടെ മനസ്സിൽ മാത്രം സൂക്ഷിക്കരുത്—നിങ്ങൾ അവയെ സാത്താനോടു പറയണം. നിങ്ങളുടെ മുറിയിൽ നിങ്ങളോടൊപ്പം ആരുമില്ലെങ്കിലും സാത്താനുണ്ട്. ഞാൻ ഭൂതങ്ങളോടും സാത്താനോടും പ്രസംഗിച്ചിട്ടുണ്ട്. ആ പ്രസംഗം അവരുടെ മാനസാന്തരത്തിനായിട്ടല്ല; അത് തിരിച്ചോടിക്കുന്ന ഒന്നായിരുന്നു. നമ്മുടെ വാക്കാലുള്ള സാക്ഷ്യത്തിലൂടെ സ്വർഗീയ വിഷം തളിക്കുന്നതിനാൽ

സകല "മൂട്ടകളും" കൊല്ലപ്പെടും. നിങ്ങൾ ഭൂതങ്ങളെയൊന്നും കാണുന്നുണ്ടാവില്ല, എന്നാൽ അവ അവിടെ ഉണ്ട്. എനിക്ക് ഇത്രത്തോളം ശക്തനായിരിക്കുവാൻ കഴിയുന്നതെങ്ങനെയെന്ന് ചില സഹോദരന്മാർ അത്ഭുതപ്പെടാറുണ്ട്. "മൂട്ടകളോട്" പ്രസംഗിക്കുന്നതിനാൽ ഞാൻ ശക്തനാക്കപ്പെടുന്നു എന്നതാണ് അതിനുള്ള കാരണം. എന്നാൽ എന്റെ ബലം ഞാനായിരിക്കുന്നതിലല്ല—അത് രക്തത്തിലാണ്. ഞാൻ വിഷമല്ല. ഞാൻ ആയിരിക്കുന്നതിൽ ഭൂതങ്ങൾക്കു ഭയമില്ല, എന്നാൽ രക്തം എന്ത് ആയിരിക്കുന്നുവോ അതിനെ അവയ്ക്കു ഭയമാണ്. നാം രക്തത്തെ പ്രയോഗിക്കേണ്ടത് ആവശ്യമാണ്.

ഞങ്ങളുടെ പുതിയ വീട്ടിലേക്ക് ഞങ്ങൾ താമസം മാറിയ ഉടനെ തുരപ്പൻപാമ്പുകളാൽ ഞങ്ങൾ പ്രയാസപ്പെട്ടു. ചില സഹോദരന്മാർ അതിന്റെ മാളങ്ങളിലേക്ക് വിഷം ഒഴിച്ചപ്പോൾ പ്രശ്നമുണ്ടാക്കിയ എല്ലാ തുരപ്പൻപാമ്പുകളും പൂർണമായി നശിപ്പിക്കപ്പെട്ടു. ഇന്ന് നമ്മുടെ "വിഷം" യേശുവിന്റെ രക്തവും നമ്മുടെ സാക്ഷ്യവചനവും ആണ്.

നമ്മുടെ സാക്ഷ്യവചനം നാം പുറത്തുവിടണം. "സാത്താനേ, വർഷങ്ങളായി നീ എന്നെ വഞ്ചിക്കുകയായിരുന്നു. ഒരു ദിവസം എന്റെ കർത്താവ് എന്റെ അടുക്കൽ വരുകയും ഞാൻ ക്രൂശിൽവച്ച് വീണ്ടെടുക്കപ്പെട്ടുവെന്ന് എന്നോടു പറയുകയും ചെയ്തു. സാത്താനേ, നിനക്ക് ഇതറിയില്ലേ?" എന്നു പറഞ്ഞുകൊണ്ട് ചിലപ്പോഴൊക്കെ കുറച്ച് മിനിട്ടുകൾ സാത്താനോടു നാം പ്രസംഗിക്കണം. നിങ്ങൾ ഇതുപോലെ അവനോട് സംസാരിക്കേണ്ടത് ആവശ്യമാണ്. നമ്മിൽ അനേകരും സാത്താനോട് ഒരിക്കലും പ്രസംഗിച്ചിട്ടില്ല, എന്നാൽ ഇപ്പോൾ നാം എല്ലാവരും ഇതു ചെയ്യുവാൻ പഠിക്കണം. പ്രബലമായ രീതിയിൽ നിങ്ങൾ പ്രസംഗിക്കുമെങ്കിൽ, നിങ്ങൾ പ്രസംഗിക്കേണ്ടുന്ന ആദ്യത്തെ വ്യക്തി സാത്താനാണ്. ശത്രുവിനോടുള്ള ഈ പ്രസംഗം നമ്മുടെ സാക്ഷ്യവചനമാണ്.

നാം പാപികളായിരുന്നുവെന്നും കർത്താവ് നമ്മുടെ വീണ്ടെടുപ്പുകാരനാണെന്നുമാണ് നമ്മുടെ സാക്ഷ്യം. അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ചു, ഇപ്പോൾ നമുക്ക് അവന്റെ രക്തമുണ്ട്. ഇത് സാത്താനോടു പറയുക! ഇതിനെക്കുറിച്ച് നിങ്ങൾ അവനോടു സംസാരിച്ചശേഷം, "സാത്താനേ, നീ ഇവിടെ ആയിരിക്കുവാൻ പാടില്ല. നിന്റെ സ്ഥാനം ഒന്നാമത് അഗാധവും അതിനുശേഷം തീപ്പൊയ്കയും ആണ്. എന്നാൽ എനിക്ക് നിന്നോടുള്ള എന്റെ ദൂതു പറഞ്ഞുതീരുന്നതുവരെ നീ ഇവിടെ അല്പനേരം നിൽക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അപ്പോൾ മാത്രമേ നിന്നെ വിട്ടയയ്ക്കുവാൻ ഞാൻ അനുവദിക്കുകയുള്ളൂ"

എന്നു പറയുക. ഇതുപോലെ നിങ്ങൾ സാത്താനോടു പ്രസംഗിക്കുമെങ്കിൽ, അപവാദിക്ക് നിങ്ങളെ ക്ലേശിപ്പിക്കുവാൻ ധൈര്യമുണ്ടാകുകയില്ല, കാരണം നിങ്ങൾ അവനെ ക്ലേശിപ്പിക്കുന്നു. നിങ്ങളുടെ ദൂത് പറഞ്ഞു തീർന്നശേഷം ശത്രുവിനോടു പറയുക, "സാത്താനേ, ഇനി മടങ്ങിവരരുത്. ഇനി വരുമെങ്കിൽ ഇതിലും വലിയൊരു പ്രഭാഷണം ഞാൻ നിനക്കു തരും."

സഹോദരന്മാർ അവനെ ജയിച്ചത് രക്തം മുഖാന്തരം മാത്രമല്ല, അവരുടെ സാക്ഷ്യവചനത്താലും ആണ്. രക്തം വസ്തുതയും വചനം നമ്മുടെ പ്രസംഗവും ആണ്. നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും എടുത്തുകളയപ്പെടുകയും ചെയ്തുവെന്നും, നാം ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നും, സാത്താൻ ന്യായംവിധിക്കപ്പെട്ടിരിക്കുന്നുവെന്നും, അവന്റെ തല തകർക്കപ്പെട്ടിരിക്കുന്നുവെന്നുമുള്ള വസ്തുതയെ രക്തം സൂചിപ്പിക്കുന്നു. നാം രക്തത്തെ പ്രയോഗിക്കുമ്പോൾ, ഈ എല്ലാ വസ്തുതകളെയും പ്രയോഗിക്കുന്നു. രക്തം പ്രയോഗിച്ചതിനുശേഷം, വസ്തുതകളെ നാം സാത്താനോടു പ്രഖ്യാപിക്കണം. ഇതാണ് ശത്രുവിനെ ജയിക്കുവാനുള്ള മാർഗം.

നിങ്ങൾ രക്തം പ്രയോഗിക്കുകയും സാത്താനോടു പ്രസംഗിക്കുകയും ചെയ്യുമ്പോൾ, അവൻ ഭയചകിതനാകും. അവൻ നിങ്ങളെ കുറ്റമാരോപിക്കുകയും, നിങ്ങളെ വിഷമിപ്പിക്കുകയും, നിങ്ങളെ പ്രയോജനമില്ലാത്തവനാക്കുകയും ചെയ്യുന്നു. അവന്റെ കുറ്റാരോപണങ്ങളാൽ അവൻ നിങ്ങളെ നശിപ്പിക്കും. അനേകം പ്രിയപ്പെട്ടവർ ഇപ്പോഴും പിശാചിന്റെ കുറ്റാരോപണങ്ങളുടെ നശിപ്പിക്കലിൻകീഴിലാണെന്ന് ഞാൻ ഭയപ്പെടുന്നു. അവർ പറയുന്നു, "ഓ, ഞാൻ കർത്താവിനെ സ്നേഹിക്കുന്നുവെങ്കിലും, ഞാൻ തികഞ്ഞവനല്ല. ഞാൻ നിരവധി തെറ്റുകളും മണ്ടത്തരങ്ങളും ചെയ്തിട്ടുണ്ട്." ഈ കുറ്റാരോപണങ്ങളുടെയെല്ലാം ഫലം നിങ്ങളെ പ്രയോജനമില്ലാത്തവനാക്കുക എന്നതാണ്. അവന്റെ കുറ്റാരോപണങ്ങളുടെ ഗുരുതരമായ ഫലത്തിലൂടെ ശത്രു നിങ്ങളെ കണ്ടുകെട്ടുന്നു. എന്നാൽ നിങ്ങൾ പറയണം, "പിശാചേ, എന്റെ നിൽപ് എന്റെ തികവിലല്ല. എന്റെ നിൽപ്പും എന്റെ ആവരണവും രക്തമാണ്." സാത്താന്റെ കുറ്റാരോപണങ്ങളിൻകീഴിൽ ഇപ്പോഴും ആരെങ്കിലും ഉണ്ടെങ്കിൽ അവനോട് നിങ്ങൾ ഒരു പ്രഭാഷണം നടത്തണം. നിങ്ങൾ ഇതു ചെയ്യുമെങ്കിൽ, ഉടനെതന്നെ നിങ്ങൾ ബലപ്പെടും.

### *c. തങ്ങളുടെ ദേഹിജീവനെ സ്നേഹിക്കാത്തതിനാൽ*

**സഹോദരന്മാർ തങ്ങളുടെ ദേഹിജീവനെ സ്നേഹിക്കാത്തതിനാലും ശത്രുവിനെ ജയിച്ചു. ആദാമിന്റെ വീഴ്ചനിമിത്തം, സാത്താൻ മനുഷ്യന്റെ ദേഹിജീവനോട്, മനുഷ്യന്റെ സ്വയത്തോട്, അവനെത്തന്നെ യോജിപ്പിച്ചു**

(മത്താ. 16:23-24). തന്മൂലം, അവനെ ജയിക്കുന്നതിന് നമ്മുടെ "ദേഹിജീവനെ സ്നേഹിക്കാതെ" അതിനെ വെറുക്കുകയും അതിനെ ത്യജിക്കുകയും വേണം (ലൂക്കൊ. 14:26; 9:23). ആൺകുട്ടിയെ സംരചിക്കുന്ന ജയിക്കുന്ന വിശ്വാസികൾ "മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചില്ല". തങ്ങളുടെ ദേഹിജീവനെ സ്നേഹിക്കാത്തവർ രക്തസാക്ഷികളാകുവാൻ മനസ്സുള്ളവരാണ്. നമ്മുടെ സ്വയത്തെ നാം വെറുക്കണം. നമ്മുടെ ദേഹിജീവനെ നാം സ്നേഹിക്കുന്നിടത്തോളം, നാം പൊടിയും, സാത്താന് ആഹാരമായിരിക്കുവാൻ കൊള്ളാകുന്നവരും ആണ്. എന്നാൽ നമ്മുടെ ദേഹിജീവനെ, നമ്മുടെ സ്വയത്തെ, നാം സ്നേഹിക്കുന്നില്ലെങ്കിൽ, പൊടി ഇല്ലാതിരിക്കുകയും സാത്താൻ കൊല്ലപ്പെടുകയും ചെയ്യും. നമ്മുടെ ദേഹിജീവൻ കൊല്ലപ്പെടുമ്പോൾ, സാത്താനും കൊല്ലപ്പെടും. സ്ത്രീയുടെ ബലമേറിയ ഭാഗമെന്ന നിലയിൽ, നമുക്ക് സാത്താനെ ജയിക്കുവാനുള്ള മാർഗം ഇതാണ്.

നിങ്ങൾ സാത്താനോടു പ്രസംഗിക്കുമെങ്കിൽ, അവൻ നിങ്ങളെ വിട്ടുപോകും. "സാത്താനേ, നീ എന്നെ വെറുക്കുന്നുവെങ്കിൽപോലും, ഞാൻ നിനക്കു മരിക്കും. എന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തുവാൻ ഞാൻ ഇഷ്ടപ്പെടുന്നു, കാരണം ഞാൻ മരിക്കുമ്പോൾ എനിക്കൊരു മഹത്തായ ബിരുദധാരണം ഉണ്ട്" എന്നു പറയുവാൻ അപ്പോൾ നാം ഒരുക്കമുള്ളവരായിരിക്കണം. നിങ്ങളുടെ ദേഹിജീവനെ നഷ്ടപ്പെടുത്തുവാൻ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ, നിങ്ങളോടുള്ള ബന്ധത്തിൽ സാത്താന് യാതൊരു വഴിയും ഉണ്ടായിരിക്കുകയില്ല. അവൻ നിങ്ങളെ ശല്യപ്പെടുത്തുന്നുവെങ്കിൽ നിങ്ങൾക്ക് അവനോടു പ്രസംഗിക്കാം: അവൻ നിങ്ങളെ വെറുക്കുന്നുവെങ്കിൽ, നിങ്ങൾ അവനു മരിക്കുന്നു. പിന്നെ അവന് എന്തു ചെയ്യുവാൻ കഴിയും? അവന് ഒന്നും ചെയ്യുവാൻ കഴിയുകയില്ല, അവൻ സ്ഥലംവിടും. ഇതാണ് ശത്രുവിനെ ജയിക്കുവാനുള്ള മാർഗം.

### *5. കഷ്ടംസഹിക്കുന്ന സ്ത്രീയാൽ പുറപ്പെടുവിക്കപ്പെടുന്നു*

ആൺകുട്ടി കഷ്ടംസഹിക്കുന്ന സ്ത്രീയാൽ, കഷ്ടംസഹിക്കുന്ന ദൈവജനത്താൽ പുറപ്പെടുവിക്കപ്പെടുന്നു (വാ. 2, 4-5). വാക്യം 2-ലെ *നിലവിളിച്ചു* എന്ന പദം അവൾ പ്രാർഥിക്കുകയായിരുന്നു എന്നു സൂചിപ്പിക്കുന്നു. "അവൾ ഗർഭംധരിച്ച്, ഈറ്റുനോവോടെ പ്രസവിക്കുവാനായി വേദനപ്പെട്ടു" എന്നത് ദൈവത്തിന്റെ രാജ്യത്തിനുവേണ്ടി പോരാടുന്ന ആൺകുട്ടിയെ പ്രസവിക്കേണ്ടതിന് ദൈവത്തിന്റെ ജനം സകല തലമുറകളോളം പ്രസവവേദന അനുഭവിക്കുകയായിരുന്നു എന്നു സൂചിപ്പിക്കുന്നു (യെശ. 26:17-18; യിരെ. 6:24; 13:21; 30:6; മീഖാ 4:9-10; 5:3; ഗലാ. 4:19).

### *6. സകല രാഷ്ട്രങ്ങളെയും ഭരിക്കേണ്ടതിന്*

ആൺകുട്ടി "സകല രാഷ്ട്രങ്ങളെയും ഇരുമ്പുകോൽ കൊണ്ട് മേയ്ക്കുവാനുള്ളവൻ" ആണെന്ന് വാക്യം 5 പറയുന്നു. ഇത് ക്രിസ്തുവിന്റെ അധികാരമാണ് (സങ്കീ. 2:9), അത് അവൻ ജയാളികൾക്കു നല്കുന്നു. ഉയിർത്തെഴുന്നേറ്റ ജയാളികളായ ആൺകുട്ടി ക്രിസ്തുവിന്റെ അധികാരത്തെ രാഷ്ട്രങ്ങളുടെമേൽ പ്രയോഗിക്കുകയും ക്രിസ്തുവിനോടുകൂടെ സഹസ്രാബ്ദരാജ്യത്തിൽ അവരെ ഭരിക്കുകയും ചെയ്യും (20:4, 6).

## C. എടുക്കപ്പെട്ടു

ആൺകുട്ടി "ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിന്റെ അടുക്കലേക്കും എടുക്കപ്പെട്ടു" എന്നും വാക്യം 5 പറയുന്നു. "എടുക്കപ്പെട്ടു" എന്നത് ഉൾപ്രാപണം പ്രാപിക്കുന്നതാണ്. ആൺകുട്ടിയുടെ ഉൾപ്രാപണം 1 തെസ്സലൊനീക്യർ 4:17-ൽ പറഞ്ഞിരിക്കുന്ന വിശ്വാസികളിൽ ഭൂരിഭാഗത്തിന്റേതിൽനിന്നും വ്യത്യസ്തമാണ്. അവിടെ, വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണം ആകാശത്തിലേക്കും ഏഴാം കാഹളമായ (11:15) അന്ത്യ കാഹളത്തിന്റെ സമയത്തും ആണ് (1 കൊരി. 15:52; 1 തെസ്സ. 4:16). എന്നാൽ ഇവിടെ, ആൺകുട്ടിയുടെ ഉൾപ്രാപണം ദൈവത്തിന്റെ സിംഹാസനത്തിലേക്കും അഞ്ചാം കാഹളംമുതൽ ആരംഭിക്കുന്ന (9:1) മൂന്നര വർഷത്തെ മഹോപദ്രവകാലമായ "ആയിരത്തിരുനൂറ്ററുപതു ദിവസങ്ങൾക്കു" മുമ്പും (നാല്പത്തിരണ്ടു മാസം, വാ. 14; 13:5; 11:2) ആയിരിക്കും.

## II. സ്ത്രീയുടെ സന്തതിയിൽ ശേഷിക്കുന്നവർ

വാക്യം 17-ൽ പറഞ്ഞിരിക്കുന്ന സ്ത്രീയുടെ സന്തതിയുടെ ശേഷിപ്പ് സ്ത്രീയുടെ ബലഹീനമായ ഭാഗമാണ്; അതിൽ ദൈവത്തിന്റെ കല്പന കാക്കുന്ന യിസ്രായേല്യരും യേശുവിന്റെ സാക്ഷ്യം ഉള്ളവരായ വിശ്വാസികളും ഉൾപ്പെടുന്നു. യിസ്രായേല്യരും ബലഹീനരായ വിശ്വാസികളും മഹോപദ്രവത്തിലൂടെ പോകുവാൻ ഉപേക്ഷിക്കപ്പെടും. അവർ വ്യാളിയാൽ ഉപദ്രവിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്യും.